Draft #2 of File 11684/AD A3-4/2020/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 05-Jun-2020 12:15 PM - Page 1

# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.11684/AD A3/4/2020/ADMIN തീയതി. 05.06.2020

സർക്കാർ ജീവനക്കാർക്കുള്ള പലിശരഹിത ചികിത്സാ വായ്പ, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തുന്നത് സംബന്ധിച്ചുള്ള 20.11.2001 തീയതിയിലെ സ.ഉ.(അ) 298/2001/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവിൽ ഭേദഗതികൾ വരുത്തിക്കൊണ്ട് ജി.ഒ.(അ) നം. 4/2020/ആ.കു.വ. തീയതി 18.02.2020 നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ്, മിനിറ്റ്സ് ഇനം നം. 175/20.02/DDFS-11684/2020 തീയതി, 26.05.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

A. S. CHAVARA
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/എഡിഎ 6
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ്, 1960- പലിശരഹിത വായ്പ ക്രമീകരണം - തുടർ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ജി)വകുപ്പ്**

ജി.ഒ. (അ) നമ്പർ.4/2020/ആ.കു.വ തീയതി, തിരുവനന്തപുരം, 18/02/2020

പരാമർശം : 1. 02/11/2000 തീയതിയിലെ സ.ഉ.(അ) 285/2000/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ്

2. 20/11/2001 തീയതിയിലെ സ.ഉ(അ)298/2001/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ്

3. ധനകാര്യ (ലോൺസ്) വകുപ്പിൽ നിന്നുള്ള 24/12/2019 തീയതിയിലെ 1366707/L3/683/2019 ധന നമ്പർ അനൗദ്യോഗിക കുറിപ്പ്.

**ഉത്തരവ്**

പലിശരഹിത ചികിത്സാവായ്പ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ പരാമർശം സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. പലിശരഹിത ചികിത്സാ വായ്പ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തുന്നതു സംബന്ധിച്ച് കർശന വ്യവസ്ഥകൾ നിലവിലുണ്ടെങ്കിലും ഭൂരിഭാഗം കേസുകളിലും പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്ന കാര്യത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം പരാമർശം അനൗദ്യോഗിക കുറിപ്പു പ്രകാരം ധനകാര്യ വകുപ്പ് ആരാഞ്ഞിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പലിശരഹിത വായ്പ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട് ഈ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 20/11/2001 തീയതിയിലെ സ.ഉ.(അ) 298/2001/ആ.കു.വ നമ്പർ സർക്കാർ ഉത്തരവിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അവയവം മാറ്റി വയ്ക്കൽ ചികിത്സയ്ക്കായി അനുവദിക്കുന്ന പലിശരഹിത വായ്പ അവയവ ദാതാവിനെലഭിച്ചതിനുശേഷം മാത്രമേ മാറി നൽകാൻ പാടുള്ളൂ. അത്യാവശ്യ സാഹചര്യങ്ങളിൽ പലിശരഹിത വായ്പയായി അനുവദിക്കുന്ന തുകയുടെ 25% ദാതാവിനെ ലഭിക്കുന്നതിനുമുമ്പ് മാറി നൽകാവുന്നതാണ്.

(ii) കാൻസർ ചികിത്സയ്ക്കായി അനുവദിക്കുന്ന പലിശരഹിതവായ്പയുടെ ഉപയുക്തതാ സാക്ഷ്യപത്രം വായ്പ കൈപ്പറ്റി 6 മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതും 9 മാസത്തിനുള്ളിൽ പലിശരഹിത വായ്പ ക്രമീകരിക്കേണ്ടതുമാണ്.

(iii) പലിശ രഹിത ചികിത്സാ വായ്പ മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ ക്രമീകരിക്കുമ്പോൾ പലിശരഹിത വായ്പാ അപേക്ഷാ തീയതി മുതലുള്ള ചികിത്സാ ബില്ലുകൾ പരിഗണിക്കാവുന്നതാണ്.

(iv) കാൻസർ ഒഴികെയുള്ള രോഗങ്ങളുടെ ചികിത്സയ്ക്കായി അനുവദിക്കുന്ന പലിശരഹിത വായ്പകൾ ക്രമീകരിക്കുന്ന കാര്യത്തിൽ പരാമർശം ഉത്തരവുകളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മനു.ബി**
**അഡീഷണൽ സെക്രട്ടറി**

എല്ലാ വകുപ്പ തലവൻമാർക്കും ഓഫീസുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) , കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം, (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/ കൊച്ചി/എം.ജി/കാലിക്കറ്റ്/കണ്ണൂർ യൂണിവേഴ്സിറ്റി ( ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (ആമുഖ കത്ത് സഹിതം)
മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.റ്റി,സി.
ഗവർണറുടെ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
സെക്രട്ടറി നിയമസഭ (ആമുഖ കത്ത് സഹിതം)
ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടറി, ട്രഷറി, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും (സെക്ഷനുകൾക്കും)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ